ഉത്തരം

(എ) ഉണ്ട്.

(ബി—സി) ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ഉദ്ദേശം അടങ്കൽ തുക കണക്കാക്കി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. ഇത് ലഭിക്കുന്ന മുറയ്ക്ക് പണി തുടങ്ങുന്നതിനാവശ്യമായ അനന്തര നടപടി കൈക്കൊള്ളുന്നതാണ്.

(ഡി—ഇ) ഉണ്ട്. കെട്ടിടം പണിക്കുള്ള നിർദ്ദേശം പരിഗണനയിലാണ്.

പുതിയ ഐ.ടി.ഐ.-കൾ

76 [2203] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഐ.ടി.ഐ.-കൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ സ്ഥലവും കെട്ടിടവും സൗജന്യമായി ലഭ്യമാക്കുന്ന പ്രദേശങ്ങൾക്ക് ഇക്കാര്യത്തിൽ മുൻഗണന നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഒ.ഡി.ഇ.പി.സി. മുഖേന ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുന്ന നടപടി

77 [2204] ശ്രീ. കെ. ബി. ഗണേഷ്കുമാർ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒ.ഡി.ഇ.പി.സി. മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് വിദേശത്ത് തൊഴിൽ നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ വിദേശത്ത് തൊഴിൽ ലഭ്യമായവരുടെ ഇനം തിരിച്ചുള്ള വിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒ.ഡി.ഇ.പി.സി. മുഖേന 324 പേരെ വിദേശത്തേക്ക് റിക്രൂട്ട് ചെയ്ത് അയച്ചിട്ടുണ്ട്.

(ബി) വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു.

തസ്തികയുടെ പേര്	സൗദി	മലേഷ്യ	ശ്രീലങ്ക	ഖത്തർ	ഒമാൻ	യു.എ.ഇ.	ആകെ
ഡോക്ടർമാർ	75	..	..	..	2	..	77
സ്റ്റാഫ് നേഴ്സ്	92	9	14	..	..	5	120
പാരാ മെഡിക്കൽ സ്റ്റാഫ്	44	2	..	..	..	1	47
എഞ്ചിനീയേഴ്സ്	..	..	..	3	2	..	5
ടെക്നീഷ്യൻസ്	24	..	..	3	11	..	38
സൂപ്പർവൈസേഴ്സ്	7	..	..	4	1	..	12
അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ്	2	..	..	..	9	..	11
റബ്ബർ ടെക്നോളജിസ്റ്റ്	1	..	..	..	..	..	1
ഡ്രൈവർ	2	..	..	..	..	..	2
ലക്ചർമാർ	3	..	..	..	..	..	3
അവിദഗ്ദ്ധ തൊഴിലാളികൾ	3	..	..	..	5	..	8
ആകെ	253	11	14	10	30	6	324

പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

78 [2205] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന തൊഴിൽ രഹിതരുടെ എണ്ണം കണക്കിലെടുത്ത് പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പുതിയ എത്ര എക്സ്ചേഞ്ചുകൾ എവിടെയെല്ലാം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly